# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4693**
**27.06.2014 ലെ മറുപടിക്ക്**

**ഗൾഫ് മലയാളികളുടെ യാത്രാ പ്രശ്നത്തിൽ വിമാന കമ്പനികൾ തുടരുന്ന വിവേചനം**

ചോദ്യം | മറുപടി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഗൾഫ് മലയാളികളുടെ യാത്രാ പ്രശ്നത്തിൽ എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾ തുടരുന്ന വിവേചനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഗൾഫ് സെക്ടറിൽ യുറോപ്യൻ, അമേരിക്കൻ സെക്ടറുകളെ അപേക്ഷിച്ച് ചാർജ്ജ് കൂടുതൽ ഈടാക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന്റെ സാരാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. ഗൾഫ് സെക്ടറിലെ യാത്രക്കാരെയാണ് നിരക്കു വർധന കൂടുതലായി ബാധിക്കുന്നതെന്ന കാര്യം ചൂണ്ടിക്കാട്ടി അക്കാര്യം പുനപരിശോധിക്കണമെന്ന് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തോടും കേന്ദ്ര വ്യോമയാന മന്ത്രാലയത്തോടും നോർക്ക വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) എയർ ടിക്കറ്റ് സീസണൽ ചാർജ്ജ് വർദ്ധനവിനെ സംബന്ധിച്ച് സംസ്ഥാന സർക്കാർ നിലപാട് എന്താണ്? | (സി) എയർ ടിക്കറ്റ് സീസണൽ ചാർജ്ജ് വർദ്ധനവിനോടനുബന്ധിച്ച് പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയും ഇക്കാര്യം ബഹു. മുഖ്യ മന്ത്രിയും നോർക്ക വകുപ്പ് മന്ത്രിയും കത്ത് മുഖേനയും ഡൽഹി സന്ദർശനവേളയിൽ നേരിട്ടും |

| | |
|---|---|
| | ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടേയും ബഹു. കേന്ദ്രവ്യോമയാന വകുപ്പ് മന്ത്രിയുടേയും ശ്രദ്ധയിൽ പെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ